പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 208

# 2019-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 11-10-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 208

# 2019-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

920/2019.

# 2019-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2009 ഏപ്രിൽ 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റിലെ (2008-ലെ 34) 2-ാം വകുപ്പിൽ "അയാൾക്ക് 55 വയസ്സ് പൂർത്തിയാകുന്ന മാസത്തിലെ അവസാന ദിവസത്തിന്റെ ഉച്ചയ്ക്കുശേഷം പ്രാബല്യത്തിൽ വരുന്നതാണ്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2013 ഏപ്രിൽ 1-ാം തീയതിക്ക് മുൻപ് നിയമിക്കപ്പെട്ടവർക്ക് അയാൾക്ക് 56 വയസ്സ് പൂർത്തിയാകുന്ന മാസത്തിലെ അവസാനദിവസത്തിന്റെ ഉച്ചയ്ക്കുശേഷം പ്രാബല്യത്തിൽ വരുന്നതും 2013 ഏപ്രിൽ 1-ാം തീയതിയോ അതിന് ശേഷമോ നിയമിക്കപ്പെട്ടവരും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും ചെയ്യുന്നയാൾക്ക്, അയാൾക്ക് 60 വയസ്സ് പൂർത്തിയാകുന്ന

മാസത്തിലെ അവസാന ദിവസത്തിന്റെ ഉച്ചയ്ക്കുശേഷമോ അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്നതോ, അതതു സംഗതി പോലെ, പ്രാബല്യത്തിൽ വരുന്നതാണ്" എന്ന വാക്കുകളും ചിഹ്നങ്ങളും അക്കങ്ങളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ് (2008-ലെ 34) പ്രകാരം ഹൈക്കോടതിയിലെ ഒരു ജീവനക്കാരന്റെ നിർബന്ധിത വിരമിക്കൽ പ്രായം അയാൾക്ക് 55 വയസ്സ് പൂർത്തിയാകുന്ന മാസത്തിലെ അവസാന ദിവസത്തിലെ ഉച്ചയ്ക്കുശേഷം പ്രാബല്യത്തിൽ വരുന്നതാണ്. 22/03/2012-ലെ സ.ഉ. (അ) നമ്പർ 170/2012/ധന. ഉത്തരവും 31/10/2014-ലെ സ. ഉ. (അ) നമ്പർ 469/ 2014/ധന. ഉത്തരവും പ്രകാരം 2013 ഏപ്രിൽ 1-ാം തീയതിക്ക് മുൻപ് സർവ്വീസിൽ പ്രവേശിച്ച സർക്കാർ ജീവനക്കാരുടെയും 2013 ഏപ്രിൽ 1-ാം തീയതിയിലോ അതിനുശേഷമോ സർവ്വീസിൽ പ്രവേശിച്ചവരുടെയും വിരമിക്കൽ പ്രായം യഥാക്രമം 56-ഉം 60-ഉം വയസ്സായി നിജപ്പെടുത്തിയിരുന്നു. ഹൈക്കോടതി ജീവനക്കാരുടെ വിരമിക്കൽ പ്രായം സംസ്ഥാന സർക്കാർ ജീവനക്കാരുടേതുമായി തുല്യത വരുത്തുന്നതിലേയ്ക്കായി 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റിലെ 2-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ തീരുമാനിക്കുകയുണ്ടായി.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഹൈക്കോടതി ജീവനക്കാരുടെ വിരമിക്കൽ പ്രായം സംസ്ഥാന സർക്കാർ ജീവനക്കാരുടേതുമായി തുല്യത വരുത്തുന്നതിനായി 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ബില്ലിന്റെ 2-ാം ഖണ്ഡം. ഇതുമൂലം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും ചെലവുണ്ടാകുന്നതും അതിന്റെ ആവർത്തക സ്വഭാവവും വർഷം തോറുമുള്ള വ്യത്യാസവും മൂലം ഈ ഇനത്തിൽ ഉണ്ടായേക്കാവുന്ന യഥാർത്ഥ ചെലവ് കൃത്യമായി കണക്കാക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുന്നതല്ല.

പിണറായി വിജയൻ.

(ശരിത്തർജ്ജമ)

# 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2008-ലെ 34)

***     ***     ***     ***

2. <u>ഹൈക്കോടതി സർവ്വീസുകളിലെ വിരമിക്കൽ പ്രായം നിജപ്പെടുത്തൽ.</u>—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും ചട്ടത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള ഹൈക്കോടതിയിലെ ഒരു ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ ജീവനക്കാരന്റെ നിർബന്ധിത വിരമിക്കൽ പ്രായം അയാൾക്ക് 55 വയസ്സ് പൂർത്തിയാകുന്ന മാസത്തിലെ അവസാന ദിവസത്തിന്റെ ഉച്ചയ്ക്കുശേഷം പ്രാബല്യത്തിൽ വരുന്നതാണ്.

***     ***     ***     ***